**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1813** **20-06-2024 - ൽ മറുപടിയ്ക്ക്**

**പുതിയ വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുന്നതിനും നൂതന പഠന വകുപ്പുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പുതിയ വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അക്കാദമിക തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) | പുതിയ വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അക്കാദമിക തലത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ:<br><br>1. നാല് വർഷ ബിരുദ പ്രോഗ്രാം (FYUGP): 2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നു. ഇതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട്, നാല് വർഷ ബിരുദ പ്രോഗ്രാം റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ (Master Trainers Workshops), കോളേജ് അദ്ധ്യാപകർക്ക് ജില്ലാതല ഓറിയെന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനു പുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ കൗൺസിൽ പ്രസിദ്ധീകരിച്ചു.<br>2. നൈപുണി കോഴ്സുകൾ (skill courses) Internship, apprenticeship/project എന്നിവ ബിരുദതല വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമായി മാറ്റുന്ന തരത്തിൽ ആവിഷ്കരിച്ചു.<br>3. സർവ്വകലാശാലകളിലെ ഗവേഷണ പ്രോൽസാഹനത്തിന് സെന്റർ ഓഫ് എക്സലൻസ് (CoE) ഉം ട്രാൻസിലേഷണൽ റിസർച്ച് സെന്റർ (TRC) ഉം ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | 4. ഗവേഷണ പ്രോത്സാഹനത്തിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് (PDF) കൾ നൽകിവരുന്നു. |
| (ബി) | വിദ്യാഭ്യാസ വിവര ശേഖരണത്തിനായി പുതിയ സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (ബി) | സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. K-REAP ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും.<br><br>അക്കാദമിക് / എക്സാമിനേഷൻ /അഡ്മിനിസ്ട്രേഷൻ ഉൾപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഇആർപി (ERP) അടിസ്ഥാനമാക്കിയുള്ള ഒരു സമ്പൂർണ്ണ യൂണിവേഴ്സിറ്റി റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം (URP) വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പുതുതലമുറ കോഴ്സുകളും നൂതന പഠന വകുപ്പുകളും ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതുതായി 900ത്തോളം ബിരുദ പ്രോഗ്രാമുകളും 200 ലേറെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും അനുവദിക്കപ്പെട്ടു. ഇവയിലൂടെ 30,000 ലധികം വിദ്യാർത്ഥികൾക്ക് പഠന സൗകര്യം കൂടുതലായി ഉണ്ടായി. പുതു തലമുറ കോഴ്സുകളോടെ അനേകം പുതിയ സ്വാശ്രയ കോളേജുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ, നാലുവർഷ ബിരുദ കോഴ്സുകളുടെ കരിക്കുലം ഘടനയ്ക്കുള്ളിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തി സിലബസ് നവീകരിക്കുന്നതിന് സാഹചര്യമുണ്ട്. |

സെക്ഷൻ ഓഫീസർ